കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സിലേയ്ക്കുള്ള പ്രവേശനം - 2017

## രണ്ടാംഘട്ട അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നു

2017–ലെ ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സിലേയ്ക്ക് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും, കൽപിത സർവ്വകലാശാലയിലെയും സർക്കാർ, മാനേജ്മെന്റ്, എൻ.ആർ.ഐ, ആൾ ഇന്ത്യാ ക്വാട്ട യിൽ നിന്നും തിരികെ ലഭിച്ച സീറ്റുകൾ എന്നിവ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **15.05.2017** (തിങ്കളാഴ്ച) ആരംഭിക്കുന്നതാണ്. അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിലേ യ്ക്കായി നിലവിലുള്ള ഓപ്ഷനുകൾ നിലനിർത്താൻ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബ്ന്ധമായും ചെയ്യേണ്ടതാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷിക്കാൻ യോഗ്യരായവർ ഓപ്ഷൻ വെബ്സൈറ്റിൽ (www.cee.kerala.gov.in) ആ വിവരം രേഖപ്പെടുത്തി പ്രസ്തുത കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. സ്വാശ്രയ കോളേജുകളിലെയും കൽപിത സർവ്വകലാശാലയിലെയും കമ്മ്യൂണിറ്റി ക്വാട്ടാ/എൻ.ആർ.ഐ ക്വാട്ടാ അപേക്ഷകർ കമ്മ്യൂണിറ്റി/എൻ.ആർ.ഐ തെളിയിക്കുന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. സ്വാശ്രയ കോളേജുകളിലെയും കൽപിത സർവ്വകലാശാലയിലെയും എൻ.ആർ.ഐ/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നവരുടെ എൻ.ആർ.ഐ ക്വാട്ട/കമ്മ്യൂണിറ്റി ക്വാട്ട യോഗ്യത തെളിയി ക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുടെയും അനുബന്ധരേഖകളുടെയും സൂക്ഷ്മ പരിശോധന **22.05.2017 (തിങ്ക ളാഴ്ച)** തിരുവനന്തപുരത്ത് വച്ച് നടക്കുന്ന കൗൺസിലിംഗിൽ നടത്തുന്നതാണ്. സർട്ടിഫിക്കറ്റ് പരിശോധനാ വേള യിൽ അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതാണ്. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതാണ്. എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം 22.05.2013 ലെ സർക്കാർ ഉത്തരവ് നം GO(MS) No. 193/2013/H&FWD യും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി & ഫീ റെഗുലേറ്ററി കമ്മിറ്റി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും പാലിച്ചായിരിക്കും. നീറ്റ് എം.ഡി.എസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീ കരിച്ച കേരളാ സ്റ്റേറ്റ് മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായവർക്ക് മേൽ വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്ത ശേഷം ഓപ്ഷനുകൾ സമർപ്പിച്ച് അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം രജി സ്റ്റർ ചെയ്തവർക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവരുടെ നേറ്റിവിറ്റിയും, മറ്റ് യോഗ്യതകളും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ **22.05.2017** ന് നടക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. ലഭ്യമായ സീറ്റുകളുടെ വിവരങ്ങൾ ചില കോളേജുകൾ ഇതുവരെ സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല. സീറ്റുകളുടെ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പോർട്ടലിൽ ഇവ ഉൾപ്പെടുത്തുന്നതാണ്. അവസരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ എല്ലാ അപേക്ഷകരും പോർട്ടൽ ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും ആവശ്യമായ ഓപ്ഷനുകൾ നൽകേണ്ടതുമാണ്.

കോളേജുകൾ, കോഴ്സുകൾ, ഫീസ്, മറ്റു വിശദവിവരങ്ങൾ എന്നിവ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം

15.05.2017